"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.എഫ്1/340/2024/ആഭ്യന്തരം
ആഭ്യന്തര (എഫ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-01-2025

<u>സർക്കുലർ</u>

വിഷയം:- ആഭ്യന്തര വകുപ്പ്- സന്നദ്ധതയുള്ള പരമാവധി സർക്കാർ ജീവനക്കാരെ സിവിൽ ഡിഫൻസിൽ അംഗമായി ചേർക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1.സ.ഉ (കൈ) നം.132/2019/ആഭ്യന്തരം തീയതി 30-08-2019.
2.സ.ഉ (അച്ചടി) നം.64/2024/ധന തീയതി 31-07-2024.

കേരള അഗ്നിരക്ഷാ സേവന വകുപ്പിന് കീഴിൽ സിവിൽ ഡിഫൻസ് രൂപീകരിച്ചു കൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. പാരാമെഡിക്കൽ ജീവനക്കാർ, ഡോക്ടർമാർ, ഹാം റേഡിയോ ഓപ്പറേറ്റർമാർ, ജെസിബി ഓപ്പറേറ്റർമാർ, മത്സ്യത്തൊഴിലാളികൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉള്ളവർ നിലവിൽ സിവിൽ ഡിഫൻസ് അംഗങ്ങളായിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന വോളണ്ടിയർമാർക്ക് ദുരന്തനിവാരണം, പ്രഥമ ശുശ്രൂഷ, ഫയർ ഫൈറ്റിങ്, നീന്തൽ മുതലായവയിൽ കേരള അഗ്നിരക്ഷാ സേവന വകുപ്പ് പരിശീലനം നൽകി വരുന്നു. സിവിൽ ഡിഫൻസ് അംഗങ്ങൾക്ക് വകുപ്പ് നൽകുന്ന പരിശീലനത്തിലൂടെ ചെറുതും വലുതുമായ വിവിധ അപകടങ്ങളിൽ ആദ്യഘട്ടത്തിൽ തന്നെ തദ്ദേശീയരായ സിവിൽ ഡിഫൻസ് അംഗങ്ങൾക്ക് ഫലപ്രദമായി ഇടപെട്ട് ദുരന്തത്തിന്റെ തീവ്രത, ആഘാതം, ജീവഹാനി എന്നിവ പരമാവധി ലഘൂകരിക്കുന്നതിന് സാധിക്കുന്നു. സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, പ്രളയം, ഉരുൾപൊട്ടൽ എന്നിവയിലും ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ അഗ്നിബാധ, വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തം എന്നിവയിൽ എല്ലാം തന്നെ സിവിൽ ഡിഫൻസ് വോളണ്ടിയർമാർ തികച്ചും മാതൃകാപരവും കാര്യക്ഷമവുമായി പ്രവർത്തിച്ചിട്ടുള്ളതും, ആയതിന് സമൂഹത്തിന്റെയാകെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് യൂണിഫോം, പ്രവർത്തനങ്ങൾക്കായി വ്യക്തി സുരക്ഷാ ഉപകരണങ്ങൾ എന്നിവയും വകുപ്പ് നൽകി വരുന്നുണ്ട്. ഏതൊരു അപകട മുഖങ്ങളിലും ആദ്യം എത്തി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നത് തദ്ദേശീയരായതിനാൽ ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിനെ പരിശീലനം നൽകി സിവിൽ ഡിഫൻസ് വോളണ്ടിയർ ആക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം.

സിവിൽ ഡിഫൻസിൽ അംഗമാകുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് സ്ഥാപന മേധാവിയുടെ അനുവാദത്തോടെ സിവിൽ ഡിഫൻസ് പരിശീലനത്തിൽ പങ്കെടുക്കുന്ന കാലയളവിലും, ദുരന്തമുഖങ്ങളിൽ സേവനത്തിൽ ഏർപ്പെടുന്ന കാലയളവിലും ജില്ലാ ഫയർ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ആകസ്മിക അവധി സൂചന (2) പ്രകാരം അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സന്നദ്ധതയുള്ള പരമാവധി സർക്കാർ ജീവനക്കാരെ

സിവിൽ ഡിഫൻസിൽ അംഗമായി ചേർക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് തലവൻമാരും ഓഫീസ് മേധാവികളും സ്വീകരിക്കേണ്ടതാണ്. സിവിൽ ഡിഫൻസിൽ അംഗമാകുന്നതിന് കേരള അഗ്നിരക്ഷാ സേവന വകുപ്പിന്റെ cds.fire.kerala.gov.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 07-01-2025 10:37:22
സെക്ഷൻ ഓഫീസർ

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
(ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകുന്നതിനായി)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

**പകർപ്പ്-** ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

**മേലെഴുത്ത് കത്ത് നമ്പർ ബി4-117/2025/ഡി.ഐ.എം.എസ് തീയതി :18-01-2025**

കേരള അഗ്നിരക്ഷാ സേവന വകുപ്പിന് കീഴിൽ സിവിൽ ഡിഫൻസ് രൂപീകരിച്ചത് സംബന്ധിച്ച് 07.01.2025 തീയതിയിലെ എഫ്1/340/2024/ആഭ്യന്തരം നമ്പർ സർക്കുലർ താങ്കളുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി സമർ പ്പിക്കുന്നു .സിവിൽ ഡിഫൻസിൽ അംഗമാകുന്നതിന് താത്പ്പര്യമുള്ള ജീവനക്കാർ കേരള അഗ്നിശമനാ സേവന വകുപ്പിന്റെ cds.fire.kerala.gov.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഉചിതമാർഗ്ഗേന ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ് .

Signed by Cini
Priyadarsini V. A
Date: 18-01-2025 23:10:00

ഇൻഷൂറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ(I/C )

സ്വീകർത്താവ്

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ്
ദക്ഷിണ മേഖല,കൊല്ലം /മദ്ധ്യ മേഖല,എറണാകുളം
/ഉത്തരമേഖല,കോഴിക്കോട് .

2) ഡെപ്യൂട്ടി ഡയറക്ടർ (ആയുർ വേദം/ഹോമിയോ)
ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ്
തൈക്കാട്,തിരുവനന്തപുരം

3) ഈ കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർ .

4) വെബ് സൈറ്റ് .